**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1566** **11-09-2023 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിൽ മുതുകാട് പേരാമ്പ്ര ഐ.ടി.ഐ.യ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുത്തതും തറക്കല്ല് ഇട്ടതും ഏതൊക്കെ തീയതികളിലാണെന്ന് വ്യക്തമാക്കാമോ; | (എ) | **(എ)** പേരാമ്പ്ര ഐടിഐയ്ക്ക് വേണ്ടി 23/11/2019 ന് സ്ഥലം ഏറ്റെടുക്കുകയും 06/02/2021 ന് കെട്ടിടനിർമ്മാണത്തിന് തറക്കല്ലിടുകയും ചെയ്തു. |
| (ബി) | ഐ.ടി.ഐ. കെട്ടിടത്തിന്റെ ടെൻഡർ നടപടി പൂർത്തീകരിച്ചത് എന്നാണ്; | (ബി) | **ബി)** കെട്ടിടനിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ 22/08/2022 ന് പൂർത്തീകരിച്ചു. |
| (സി) | പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; | (സി) | **(സി) & (ഡി)** കെട്ടിടനിർമ്മാണം നടത്തേണ്ട സ്ഥലത്ത് നിർമ്മാണപ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുവാൻ കഴിയാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമായതിനാൽ മരങ്ങൾ മുറിച്ച് മാറ്റുന്നതിലേക്കായി റവന്യൂ വകുപ്പിന് അപേക്ഷ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 22/11/2022, 09/12/2022, 30/12/2022 തീയതികളിൽ റവന്യൂ അധികാരികൾ പരസ്യ ലേലം നടത്തിയെങ്കിലും സോഷ്യൽ ഫോറസ്റ്ററി വകുപ്പ് നിശ്ചയിച്ച അടിസ്ഥാന വിലയ്ക്ക് ലേലം കൊള്ളാൻ ലേലത്തിൽ പങ്കെടുത്തവർ ആരും തയ്യാറാകാത്തതിനാൽ ലേലം ഉറപ്പിക്കാൻ സാധിച്ചിട്ടില്ല. ലാൻഡ് റവന്യു കമ്മീഷണർ മുഖേന ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ഡി) | **(സി) & (ഡി)** കെട്ടിടനിർമ്മാണം നടത്തേണ്ട സ്ഥലത്ത് നിർമ്മാണപ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുവാൻ കഴിയാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമായതിനാൽ മരങ്ങൾ മുറിച്ച് |

| | | | |
|---|---|---|---|
| | | | മാറ്റുന്നതിലേക്കായി റവന്യൂ വകുപ്പിന് അപേക്ഷ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 22/11/2022, 09/12/2022, 30/12/2022 തീയതികളിൽ റവന്യൂ അധികാരികൾ പരസ്യ ലേലം നടത്തിയെങ്കിലും സോഷ്യൽ ഫോറസ്റ്ററി വകുപ്പ് നിശ്ചയിച്ച അടിസ്ഥാന വിലയ്ക്ക് ലേലം കൊള്ളാൻ ലേലത്തിൽ പങ്കെടുത്തവർ ആരും തയ്യാറാകാത്തതിനാൽ ലേലം ഉറപ്പിക്കാൻ സാധിച്ചിട്ടില്ല. ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ലെങ്കിൽ പ്രവൃത്തി എപ്പോൾ തുടങ്ങുമെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ; | (ഇ) | **(ഇ)** കെട്ടിടനിർമ്മാണം നടത്തേണ്ട സ്ഥലത്ത് നിർമ്മാണപ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം ആരംഭിക്കുന്ന താണ്. |
| (എഫ്) | ഐ.ടി.ഐ. നിലവിൽ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എഫ്) | **(എഫ്)** ഉണ്ട്. |

സെക്ഷൻ ഓഫീസർ